**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ അലൈഡ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019 അപേക്ഷകർക്ക് വെബ്സൈറ്റിലൂടെ പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ലഭ്യമായ സീറ്റുകളിൽ **2019–20** അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്/ മെഡിക്കൽ അലൈഡ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി **13.05.2019** ലെ ഓഫീസ് നോട്ടിഫിക്കേഷൻ പ്രകാരം ഓൺലൈൻ അപേക്ഷകൾ (**02.02.2019 വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർ ഉൾപ്പെടെ**) സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കി. അപേക്ഷകർക്ക് അവരുടെ നേറ്റിവിറ്റി, അനുവദിക്കപ്പെട്ട സാമുദായിക/ പ്രത്യേക/ ശാരീരിക ക്ഷമത കുറഞ്ഞ വിഭാഗം സംവരണ ആനുകൂല്യങ്ങൾ, വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം **Memo** ലിങ്കിൽ ക്ലിക്ക് ചെയ്ത് ന്യൂനതകൾ ബോധ്യപ്പെടുന്നതിനും രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള അവസരം **2019 ജൂൺ 2 വൈകുന്നേരം 5 മണി വരെ** ലഭ്യമാകുന്നതാണ്. വിശദമായ വിജ്ഞാപനത്തിനായി **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103 & 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.05.2019